# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3656 — 15-12-2014 ന് മറുപടി നൽകേണ്ടത്

## <u>മുഖ്യമന്ത്രിയും മന്ത്രിമാരും നൽകുന്ന വാഗ്ദാനങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബാബു എം. പാലിശ്ശേരി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | മുഖ്യമന്ത്രിയും മന്ത്രിമാരും പത്രസമ്മേളനങ്ങളിലൂടെയും മറ്റു നിലയിലും പുതുതായി നടത്തുന്ന പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നിറവേറ്റപ്പെടുന്നുണ്ടെന്നുറപ്പാക്കാൻ നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | <u>(എ) യും (ബി) യും</u><br>മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്ന വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇത് സംബന്ധിച്ച ഉത്തരവുകളെല്ലാം ചട്ടപ്രകാരമാണ് പുറപ്പെടുവിക്കാറുള്ളത്. |
| (ബി) | പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ അതത് ഘട്ടങ്ങളിൽ തന്നെ മന്ത്രിമാർ ഉത്തരവ് നല്കാറുണ്ടോ; എങ്കിൽ അപ്രകാരമുള്ള ഉത്തരവുകൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കപ്പെടാറുണ്ടോ; | |
| (സി) | മുഖ്യമന്ത്രി അശരണരായ ആളുകളുടെ സുരക്ഷിതത്വം ഏറ്റെടുത്തുകൊണ്ട് നടത്തിയതും പത്ര-ദൃശ്യമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുള്ളതുമായ എത്ര പ്രഖ്യാപനങ്ങൾ ഇപ്പോഴും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | <u>(സി) യും (ഡി) യും</u><br>സർക്കാർ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് ചട്ടപ്രകാരം മാത്രമേ വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ എന്നതു കൊണ്ടാണ് പലപ്പോഴും ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകുന്നത്. എന്നിരുന്നാലും കാലഹരണപ്പെട്ടതും സങ്കീർണ്ണവുമായ ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി കാലവിളംബം കഴിയാവുന്നത്ര കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | വാഗ്ദാനങ്ങൾ ലഭിച്ചവരിൽ പലരും അത് പാലിച്ചു കിട്ടുന്നതിനായി ഇപ്പോഴും സർക്കാർ ഓഫീസുകൾ കയറിയിറങ്ങുകയാണെന്ന് അറിയാമോ? | |

സെക്ഷൻ ഓഫീസർ